**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4667** — **26.06.2019 ൽ മറുപടിയ്ക്ക്**

**ജാതി കൃഷി പ്രോത്സാഹനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റോജി എം. ജോൺ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | ജാതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ടോ; | എ) & ബി) | ഉണ്ട്. സുഗന്ധവിള വികസനം എന്ന പദ്ധതിയിലെ ഒരു പദ്ധതി ഘടകമായ വിളവിസ്തൃതി വർദ്ധിപ്പിക്കൽ എന്നതിൻ കീഴിൽ ജാതികൃഷിയുടെ കൃഷി വ്യാപനത്തിനായി ഒരു ഹെക്ടറിന് വേണ്ടി വരുന്ന കൃഷി ചെലവിന്റെ 50% തുകയായ 20,000/- രൂപ ധനസഹായമായി നൽകുന്നു. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ സുഗന്ധ വ്യഞ്ജന വിളകളുടെ വിള വിസ്തൃതി വ്യാപനത്തിനും നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് ധനസഹായം നൽകി വരുന്നു. വിള വിസ്തൃതി വ്യാപനം ഘടകത്തിൽ ഉൾപ്പെടുത്തി ജാതി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറൊന്നിന് 20,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഉത്പാദനക്ഷമത കുറഞ്ഞതും രോഗ ബാധിതവുമായ മരങ്ങൾ വെട്ടി മാറ്റി പകരം അത്യുല്പാദന ശേഷിയുള്ള പുതിയ തൈകൾ നട്ടുപിടിപ്പിച്ച് ശാസ്ത്രീയമായ കൃഷി രീതികൾ ആവിഷ്കരിക്കുന്നതിനും ഹെക്ടറൊന്നിന് 20,000/- രൂപ ധനസഹായം നൽകുന്നുണ്ട്. |
| ബി) | ജാതി കൃഷി ലാഭകരമാക്കുവാൻ ഏതെങ്കിലും തരത്തിലുള്ള സബ്സിഡി കർഷകർക്ക് നൽകുന്നുണ്ടോ; വിശദമാക്കാമോ; | | |
| സി) | കൃഷി നാശം സംഭവിക്കുന്ന ജാതി കർഷകർക്ക് ആശ്വാസധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ സഹായത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | സി) | പ്രകൃതി ക്ഷോഭം മൂലം കൃഷി നാശം സംഭവിക്കുന്ന ജാതി കർഷകർക്ക് കായ് ഫലം ഉള്ള ജാതി ഒന്നിന് 400 രൂപ നിരക്കിലും കായ്ഫലമില്ലാത്തതിന് 150 രൂപ നിരക്കിലും ആനുകൂല്യം അനുവദിച്ച് വരുന്നു. |
| ഡി) | ജാതിയ്ക്ക് ന്യായവിലയും, വിള ഇൻഷ്വറൻസ് പരിരക്ഷയും നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ? | ഡി) | ഉണ്ട്. ന്യായവില ഉറപ്പാക്കുന്നതിനായി കാർഷിക മൊത്തവ്യാപാര വിപണികളിൽ കർഷകർക്ക് നേരിട്ട് ഉല്പന്നങ്ങൾ എത്തിച്ച് ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് ലേല സമ്പ്രദായത്തിലൂടെ വിറ്റഴിക്കുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. പൊതുവിൽ മലഞ്ചരക്ക് വ്യാപാരികൾ |

ജാതിക്കയും ജാതിപത്രിയും ഉൾപ്പെടെയുള്ള സ്പൈസസും കച്ചവടം നടത്തിവരുന്നു. പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ജാതി മരം ഒന്നിന് ഒരു വർഷത്തേയ്ക്ക് 3 രൂപയോ 3 വർഷത്തേയ്ക്ക് ഒരുമിച്ച് 7.50 രൂപ അടച്ച് ഇൻഷ്വർ ചെയ്ത കർഷകർക്ക് വിള നാശം സംഭവിച്ചാൽ കായ് ഫലം ഉള്ള ഒരു മരത്തിന് 3000/- രൂപ നിരക്കിൽ ആനുകൂല്യം അനുവദിച്ച് വരുന്നു.

Mayap

**സെക്ഷൻ ഓഫീസർ**